## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

31/01/2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1637

## ലൈഫ് പദ്ധതി

| | ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിയ്ക്കായി തയ്യാറാക്കിയ ഭവനരഹിതരുടെ പട്ടികയിൽ അർഹരായ പലരും ഉൾപ്പെട്ടിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. അർഹരായ ആരെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ജില്ലാതലത്തിലും അപ്പീലിന് അവസരം ഉണ്ടായിരുന്നു. തുടർന്ന് ഗ്രാമസഭ / വാർഡ്സഭയിലും ഇതിന് അവസരം ഉണ്ടായിരുന്നു. ഇത്തരത്തിൽ അർഹരായ എല്ലാവരെയും ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇനിയും അർഹരായവർ വിട്ടുപോയിട്ടുണ്ട് എങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംവിധാനം ഉണ്ടാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പാക്കാനാകുമെന്നും എത്ര ഘട്ടമായിട്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ? | (ബി) | പദ്ധതിയുടെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം 2017 നവംബർ 1 മുതൽ തുടങ്ങിയിട്ടുണ്ട്. രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ധനസഹായം 2018, ഏപ്രിൽ 1 മുതൽ തുടങ്ങുന്നതാണ്. ഇതിനോടൊപ്പം തന്നെ ഭൂരഹിത ഭവനരഹിതർക്കായുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണവും തുടങ്ങുന്നതാണ്. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം, ഭവനരഹിതർക്ക് ഭവനം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനുള്ള പദ്ധതി എന്നിങ്ങനെ 3 ഘട്ടങ്ങളായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ